പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2911

2.4.2013 ൽ
മറുപടിയ്ക്ക്

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മൊബൈൽ മാവേലി സ്റ്റോറുകൾ

ചോദ്യം

ശ്രീ. എം.ഹംസ :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വില ക്രമാതീതമായി കൂടി വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; | എ) ഭക്ഷ്യവസ്തുക്കളുടെ വിലയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യസാധനങ്ങളുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. അന്യസംസ്ഥാനങ്ങളിലെ പ്രതികൂല കാലാവസ്ഥ, കയറ്റിറക്ക് കൂലിച്ചെലവ് വർദ്ധന, പെട്രോൾ/ഡീസൽ വിലയിലുണ്ടാകുന്ന വർദ്ധനവ്, തുടങ്ങിയവയ്ക്കനുസരിച്ച് ഭക്ഷ്യധാന്യങ്ങളുടെ വിലയിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകുന്നു. |
| ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | ബി) സംസ്ഥാനത്ത് എല്ലാ ബി.പി.എൽ കാർഡുടമകൾക്കും കിലോയ്ക്ക് 1 രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും 2 രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോഗ്രാം അരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 10 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ/എ.എ.വൈ വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും നൽകുന്നുണ്ട്. എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കി.ഗ്രാമിന് 12 രൂപ നിരക്കിൽ കാർഡൊന്നിന് 2 കി.ഗ്രാം ആട്ട പ്രതിമാസം ലഭിക്കും. കൂടാതെ കേന്ദ്ര വിഹിതമായി 132725 മെ. ടൺ അരിയും 54211 മെ. ടൺ ഗോതമ്പും 4 മാസത്തേക്ക് (ജനുവരി മുതൽ ഏപ്രിൽ വരെ) അനുവദിച്ചിട്ടുണ്ട്. കി.ഗ്രാമിന് 6.20 രൂപനിരക്കിൽ 5 കി.ഗ്രാം അരിയും 4.70 രൂപ നിരക്കിൽ |

2 കി.ഗ്രാം ഗോതമ്പും ബി.പി.എൽ കാർഡുടമകൾക്കും കൂടാതെ 2009 ലെ ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ ബി.പി. എൽ കാർഡ് ലഭിക്കാത്തതുമായ എ.പി.എൽ കാർഡുടമകൾക്ക് കി. ഗ്രാമിന് 6.20 രൂപ നിരക്കിൽ 19 കി.ഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കി. ഗ്രാം ഗോതമ്പും പ്രത്യേക വിഹിതമായി ലഭിക്കും. ഇവയെല്ലാം തന്നെവിലക്കയറ്റത്തെ ഒരു പരിധി വരെ ചെറുത്തു നിൽക്കുവാൻ സഹായിക്കുന്നു. കൂടാതെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ടി സപ്ലൈകോ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വക മാവേലി/ സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു.
2. പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി(മട്ട, പച്ചരി)ക്ക് കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി 19 രൂപ നിരക്കിലും പ്രതിമാസം കാർഡൊന്നിന് 20 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു. കൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപ, പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്തു വരുന്നു.
3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിന് പുറമെ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.
4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗസാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
6. എ.ആർ.ഡി, ശബരി സ്റ്റോറുകൾ. തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.
7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി സാധനങ്ങൾ എം.ആർ.പി യെക്കാളും ശരാശരി 10% വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ എം.ആർ.പി യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

8. പൊതുവിപണിയിലേതിനെക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻ പുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.
9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.

കൂടാതെ കൺസ്യൂമർഫെഡിന്റെ 242 ത്രിവേണി സ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണസംഘങ്ങൾ നടത്തുന്ന 1250 ഓളം നീതി സ്റ്റോറുകളിലൂടെയും, കണസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയും, സഹകരണസംഘങ്ങൾ നടത്തുന്നവയുമായ 1894 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗസാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിച്ചു വരുന്നു.

| | | | |
|---|---|---|---|
| സി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മൊബൈൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ : | സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ മൊബൈൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ ആദിവാസി/ തീരദേശ/പിന്നോക്ക/ മലയോര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുന്നതിനായി മൊബൈൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ മൊബൈൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | അരി,പയർ, പഞ്ചസാര, പരിപ്പ്, കടല, ഉഴുന്ന്, മുളക് എന്നിവയുടെ 2006 ഏപ്രിൽ-മെയ് മാസങ്ങളിലെ വിലയും 2013 ഫെബ്രുവരി - മാർച്ച് മാസത്തെ വിലയും അന്തരവും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ? | ഡി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Retail Price of some Essential Commodities Trivandrum centre between 28.04.2006 and 22.03.2013

| സാധനങ്ങൾ | അളവ് | 28.4.2006 | 22.03.2013 | വിലയിലുള്ള അന്തരം(Rs.) |
|---|---|---|---|---|
| മട്ട അരി (red) (പൊതുവിപണി) | Rs/Kg | 14.50 | 36 | 21.50 |
| ചമ്പ അരി (പൊതു വിപണി) | ,, | 14.50 | 36 | 20.50 |
| റോസ് അരി | ,, | 14 | 41 | 27 |
| ആന്ധ്ര വെള്ള അരി | ,, | 15 | 31 | 16 |
| ചെറുപയർ | ,, | 45 | 70 | 25 |
| ചെറുപയർ (പരിപ്പ്) | Rs/Kg | 52 | 78 | 26 |
| Dhall (Tur) | ,, | 37.50 | 72 | 34.50 |
| ബംഗാൾ ഗ്രാം (Bold) | ,, | 29.50 | 62 | 32.50 |
| Black gram split w/o husk | ,, | 56 | 60 | 4 |
| Black gram split with husk | ,, | 46 | 55 | 9 |
| മുളക് | ,, | 52 | 83 | 31 |
| പഞ്ചസാര (പൊതുവിപണി) | ,, | 21.50 | 36 | 14.50 |

Source: Economics & Statistics Department

6
20/3/13